## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, കോട്ടയം- കല്ലറ ഗ്രാമപഞ്ചായത്ത്- ആരാധനാലയം (ഗ്രൂപ്പ്-I)- കെട്ടിടനിർമ്മാണം- ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- വികാരി, സെൻ്റ് തോമസ് ചർച്ച്, കല്ലറ, കല്ലറ സൗത്ത് പി.ഒ., കോട്ടയം-686 611 എന്നയാളുടെ അപേക്ഷയും, ഉള്ളടക്കമായുള്ള പ്ലാനുകളും, അനുബന്ധ രേഖയും.

**ഉത്തരവ് നമ്പർ C/155/2019/D.Dis** **തീയതി: 18.02.2019**

കോട്ടയം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള, കല്ലറ വില്ലേജിൽ, റീ സർവ്വേ നമ്പർ 675/9, 675/10 എന്നിവയിൽപെട്ട 13,274 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 2,485 ചതുരശ്ര മീറ്റർ പ്ലിന്ത് വിസ്തീർണ്ണമുള്ള ആരാധനാലയം നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ-2011-ലെ ചട്ടങ്ങൾക്കും, താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിൻെറ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി., അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണ അനുമതി/ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ:-**

1. കെ.പി.ബി.ആർ-2011 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2. കെ.പി.ബി.ആർ-2011 ചട്ടം 57(8) പ്രകാരം ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി. ലഭ്യമാക്കിയിരിക്കണം.
3. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
4. തൊഴിലാളികളുടെ താമസം, കുടിവെള്ളം, ശുചീകരണ സൗകര്യങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
5. ചട്ടം 57(10) പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനം ഉറപ്പുവരുത്തണം.
6. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും, വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും, അവ ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
7. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

8. കെ.പി.ബി.ആർ-2011-നും, അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

9. മേൽ അംഗീകാരം, കെട്ടിട നിർമ്മാണം / ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.പി.ബി.ആർ-2011 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിക്ക് പരിഗണിക്കാവൂ.

*"ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ / വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമെ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ."*

**(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 11/19)**

OFFICE OF THE TOWN PLANNER
PIN - 686 001
KOTTAYAM
21-2-19

**സുജാ മത്തായി**
**നഗരാസൂത്രക**

വികാരി, സെന്റ് തോമസ് ചർച്ച്,
കല്ലറ, കല്ലറ സൗത്ത് പി.ഒ. - 686 611, (പ്ലാൻ 1 സെറ്റ് സഹിതം).
കോട്ടയം, കേരള.

പകർപ്പ് :1. സെക്രട്ടറി, കല്ലറ ഗ്രാമപഞ്ചായത്ത്
2. അധികം- 1.

DESPATCHED
Date..26/2/19.

A/21.02.2019.